

പുസ്തകം ൮.) ഫെബ്രുവരി മാർച്ച്; (ലക്കം ൧൧.

മംഗളം.

അമ്മേ കൃപാജലധിയാമമലോത്ഭവേനിൻ
കർമ്മൽസഭയ്ക്കു വിരുതേകിയമോക്ഷരാജ്ഞീ
നിന്മേൽസദാകുസുമമിങ്ങനെതാങ്ങിയെങ്ങും
മേന്മേൽവിടർന്നു വിലസട്ടെ വിശിഷ്ടഭംഗ്യാ.

Y.o.x. .x. .2

അഞ്ചുവിനാഴികപ്രസംഗം.

വിശ്വാസപ്രമാണം ൩-ാം ഭാഗം.

മാംസമായ വചനത്തിന്റെ ജനനം.

അവൻ പരിശുദ്ധാത്മാവിനാൽ ജനിക്കപ്പെട്ടു കന്യകമറിയത്തിൽ നിന്നു പിറന്നു.

ഈ വാക്കുകളാൽ നാം ഈശോമ്ശിഹായുടെ അത്ഭുതമായുള്ള ജനനത്തിൽ ഉള്ള വിശ്വാസത്തെ അറിയിക്കുന്നു. വിശ്വാസപ്രമാണത്തിന്റെ രണ്ടാംഭാഗത്തിൽ മനുഷ്യാവതാരത്തിന്റെ രഹസ്യത്തെ നാം വിചിന്തനം ചെയ്തു. എന്നാൽ ഈ മൂന്നാം ഭാഗത്തിൽ ഈ രഹസ്യം നിവർത്തിക്കപ്പെട്ട വിധത്തെ വിവരിപ്പാൻപോകുന്നു. ദൈവത്തിന്റെ പുത്രൻ നമുക്കുവേണ്ടി മനുഷ്യനാകുവാൻ മനസ്സായി. വിശുദ്ധയായ കന്യകമറിയത്തിന്റെ നിർമ്മല ഗർഭത്തിൽ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ താൻ മനുഷ്യസ്വഭാവം സ്വീകരിച്ചുകൊണ്ടു അവളിൽനിന്നു പിറന്നു. പരിശുദ്ധാത്മാവിനാൽ ജനിപ്പിക്കപ്പെട്ട കന്യകമറിയത്തിൽനിന്നു പിറന്നു, എന്ന വാക്കുകളാൽ ഇതാകുന്നു നാം അറിയിക്കുന്നത്.

ഈ വലിയ സംഭവം ഏറ്റവും വിശ്വസനീയകാലഗണനപ്രകാരം വർത്തമാന ക്രിസ്താബ്ദത്തിനു ആറു സംവത്സരം മുമ്പായി റോമയിൽ അഗസ്തോസ കേസറിന്റെ വാഴ്ചയുടെ നാല്പതാം സംവത്സരത്തിലും യൂദയായിൽ ഹേരോദേസ് രാജാവിന്റെ ഭരണത്തിൻ ഇരുപത്തഞ്ചാം വത്സരത്തിലും നിവൃത്തിയായി. വിശുദ്ധ ലൂക്കാ പറയുന്നു. (ലൂക്കാ ൧. ൨൬.) യൂദായുടെ രാജാവായ ഹേരോദേസിന്റെ നാല്

കളിൽ ഗൊറിയേൽ മലാഖാ ദൈവത്തിൻപക്കൽനിന്നു നസ്രസ് എന്നപേരുള്ള ഗ്ലീലായിലെ ഒരു നഗരത്തിൽ മറിയം എന്ന നാമമുള്ള ഒരു കന്യകയുടെ അടുക്കലേക്കു അയക്കപ്പെട്ടു. മീനം 25-ാം തിയ്യതി- മംഗലവാർത്തയുടെ തിരുനാളിൽ നാം ഈ രഹസ്യത്തിന്റെ സ്മരണകൊണ്ടാടുന്നു. സുവിശേഷം അറിയിക്കുന്നപ്രകാരം, അപ്പോൾ വചനം മാംസമായി, അതായതു്, ദൈവപുത്രൻ മറിയത്തിന്റെ വിശുദ്ധമായ ഉദരത്തിൽ മാനുഷാവതാരം ചെയ്തു.

അങ്ങേക്കു് പിറക്കാതെകണ്ടു് മാനുഷനാകാൻ പാടില്ലായിരുന്നോ എന്നു നിങ്ങൾ ചോദിക്കുമായിരിക്കും. എന്നാൽ ഇതു നിശ്ചയമായിട്ടു അങ്ങേക്കു് കഴിയുന്നതായിരുന്നു. ആദിയിൽ മാനുഷകുലത്തിന്റെ ആദ്യപിതാവു ഏപ്രകാരം സൃഷ്ടിക്കപ്പെട്ട ഭൌമിക പൂദീസായിൽ വൈക്കപ്പെട്ടോ, അപ്രകാരം അങ്ങേക്കു ഒരു പ്രൌഢശരീരത്തെ സ്വീകരിച്ചു പൂർണ്ണമനുഷ്യനായി ഭൂമിയിൽ പ്രത്യക്ഷപ്പെടുവാൻ കഴിയുമായിരുന്നു. എന്നാലും അങ്ങേക്കു് അപ്രകാരം ചെയ്യാൻ ഇഷ്ടമായില്ല. എല്ലാറ്റിലും നമുക്കു തുല്യമായി നമ്മുടെ യഥാർത്ഥസഹോദരനാവാൻമനസ്സായി. അങ്ങനെ തന്നെ തന്നെ താഴ്ത്തി ഒരു കന്യകയുടെ ഉദരത്തിൽ ശരീരം സ്വീകരിച്ചു. എങ്കിലും അങ്ങേ ജനനവും പിറവിയും അത്ഭുതമായുള്ളതായിരുന്നു.

മറിയത്തിന്റെ അഗോചരമായും അശ്ചര്യമായുമുള്ള ഗർഭധാരണത്തെ സംബന്ധിച്ചു ദൈവമാതാവിന്റെ തിരുനാൾ ജപത്തിൽ പറഞ്ഞിരിക്കുന്ന ഭാഗം ഇവിടെ പ്രസ്താവനീയമാകുന്നു. എന്തെന്നാൽ മറിയം വചനദൈവമായ രണ്ടാമത്തെ ആദത്തിന്റെ അമ്മയാകുന്നു. എന്നാൽ ബീജസഹായം കൂടാതെ കന്യകയായ ഭൂമി ഏതുപ്രകാരം ആദ്യസസൃങ്ങളെ ജനിപ്പിച്ചുവോ, അപ്രകാരം മറിയവും വിവാഹസംബന്ധം കൂടാതെ പ്രസവിച്ചു. ഭൂമിയോടു ഒന്നാമത്തെ ആദത്തെ ജനിപ്പിപ്പാൻ ആജ്ഞാപിച്ച ആ ദൈവകല്പനതന്നെ, ആദത്തിനു തുല്യമായി അവളുടെ ഉദരത്തിൽ ഒരു മനുഷ്യരൂപത്തെ നിർമ്മിച്ചു."

മറിയത്തിന്റെ വിസ്മയകരമായ പ്രസവത്തെ സംബന്ധിച്ചു വിശുദ്ധപിതാക്കന്മാർ ഒരു ഉദാഹരണം പറയുന്നുണ്ടു്. ഭയംമൂലം ശ്ലീഹന്മാർ വാതിൽ അടച്ചുകൊണ്ടു് ഇരുന്ന മുറിയിൽ ഈശോമ്ശിഹാ ഏതുപ്രകാരം പ്രവേശിച്ചുവോ അപ്രകാരം തന്നെ അങ്ങനെ മറിയത്തിന്റെ ഉദരത്തിൽനിന്നു അത്ഭുതമായി ലോകത്തിൽ പ്രവേശിക്കയും ചെയ്തു.

പ്രിയസഹോദരന്മാരെ! ഇങ്ങനെ ദൈവപുത്രൻ മനുഷ്യകുലത്തിന്റെ ഒരു ശ്രേഷ്ഠസന്താനമായി പിറന്നതിൽ മനുഷ്യജാതിക്കു എത്രയോ വലിയ മഹിമ! നമ്മുടെ സഹോദരനാകുവാൻ മനസ്സാകുകയുണ്ടായതും നമ്മെ ഇത്രസ്നേഹിച്ച ഈശോമ്ശിഹായെ നാം എത്ര ഉൽകണ്ഠപൂർവ്വം സ്നേഹിക്കേണം. എന്തെന്നാൽ സ്വർഗ്ഗീയാഗമനത്തെ അ. പ്രവചനത്തിൽ പറയുന്നപ്രകാരം അവൻ നമ്മുടെ സഹോദരനും നമ്മുടെ മാംസവും അസ്ഥിയും എന്നു നമുക്കു സത്യമായി പറയാം. എന്നാൽ പാപത്താൽ നാം അങ്ങേ ഉപദ്രവിക്കുമെങ്കിൽ നമ്മുടെ നന്ദികേടു എത്രയും നീചമായും നിന്ദ്യമായുമുള്ളതാകുന്നു എന്നുകൂടെയും നാം മനസ്സിലാക്കേണ്ടതാകുന്നു.

ദീപിക. 2. പു. 42



II. സുവിശേഷവിവരണം.

"ഈശോ പത്രോസിനേയും യാക്കോബിനേയും അയാളുടെ സഹോദരനായ യോഹന്നാനേയും കൂട്ടി ഒരു ഉയർന്ന മലയിലേക്കു അവരെ തനിച്ചു കൊണ്ടുപോകുന്നു. പിന്നെ അങ്ങനെ അവരുടെ മുമ്പാകെ മറുരൂപമായി. എങ്ങിനെയെന്നാൽ, അങ്ങെ മുഖം സൂര്യനെപ്പോലെ പ്രകാശിച്ചു, അങ്ങെ വസ്ത്രങ്ങൾ ഹിമംപോലെ വെണ്മയുള്ളവയുമായി; അപ്പോൾ ഇതാ മൂശയും ഏലിയായും അങ്ങയോടുകൂടെ സംഭാഷിക്കുന്നവരായി അവർക്കു കാണപ്പെട്ടു. എന്നാറെ പത്രോസു ഉത്തരമായി ഈശോയോടു്: കർത്താവെ! നാം ഇവിടെ ഇരിക്കുന്നതു നല്ലതാകുന്നു. നിനക്കു മനസ്സുണ്ടെങ്കിൽ ഞങ്ങൾ ഇവിടെ നാ കൂടാരങ്ങളെ ഉണ്ടാക്കാം. ഒന്നു നിനക്കും, ഒന്നു മൂശയ്ക്കും, ഒന്നു ഏലിയാസിനും എന്നു പറഞ്ഞു. അയാൾ പറഞ്ഞിരിക്കുമ്പോൾതന്നെ ഇതാ പ്രകാശമുള്ള ഒരു മേഘം അവരുടെമേൽ നിഴലിച്ചു. അപ്പോൾ ഇതാ മേഘത്തിൽനിന്നു്: ഇയ്യാൾ എനിക്കിഷ്ടമുള്ള എന്റെ സ്നേഹപുത്രനാകുന്നു. ഇയ്യാളെ നിങ്ങൾ ശ്രവിക്കുവിൻ; എന്നു പറയുന്ന ഒരു സ്വരവും ഉണ്ടായി ശിഷ്യർ അതുകേട്ടു കവിഴ്ന്നുവീണു ഏറ്റവും ഭയപ്പെട്ടു. അപ്പോൾ ഈശോ അടുക്കൽവന്നു അവരെ തൊട്ടു് എഴുന്നേല്പിൻ ഭയപ്പെടേണ്ട എന്നു അവരോടു അരുളിച്ചെയ്തു. എന്നാൽ അവർ തങ്ങളുടെ കണ്ണുകളെ ഉയർത്തിയതിൽ ഈശോയെ മാത്രമല്ലാതെ ആരെയും കണ്ടില്ല. പിന്നെ അവർ മലയിൽ നിന്നു ഇറങ്ങുകയിൽ ഈശോ അവരോടു: മനുഷ്യപുത്രൻ മരിച്ചവരിൽനിന്നു ഉയിർക്കുന്നതുവരെയും ഈ ദർശനം ആരോടും പറയരുതു് എന്നു അരുളിച്ചെയ്തു." (വി. മത്തായി ൧൭. ൧. ൯.)

വിവരണം:— നമ്മുടെ കർത്താവു് മറുരൂപമായ മഹിമക്കുള്ളത്ത സംഗതി അടക്കിക്കൊള്ളുന്ന ഈ സുവിശേഷഭാഗം ആത്മോപകാരം വരുത്തുന്ന പല ഉപദേശങ്ങൾ നമുക്കു തരുന്നുണ്ടു്.

൧. ദൈവത്തിന്റെ വെളിവുകളും അങ്ങേ വരപ്രസാദങ്ങളും നമുക്കു കിട്ടുന്നതു ലോകാരവാരങ്ങളുടെ മദ്ധ്യേ വച്ചല്ല; നാം ഏകാന്തത്തിൽ ദൈവത്തോടു തനിയെ സംഭാഷിക്കയും അപേക്ഷിക്കയും ചെയ്യുമ്പോഴാണു്. ഞാൻ ഏകാന്തത്തിൽ അതിനെക്രുട്ടിക്കൊണ്ടുപോയി സംസാരിക്കുമെന്നു ദൈവം തന്നെ ഭക്തിയുള്ള ആത്മാവിനെക്കുറിച്ചു അരുളിച്ചെയ്തിരിക്കുന്നു. ഇതാ നമ്മുടെ കർത്താവു തന്റെ തെരിഞ്ഞെടുക്കപ്പെട്ട മൂന്നു ശ്ലീഹന്മാരെ തനിയെ ഏകാന്തസ്ഥലത്തു വിളിക്കൊണ്ടുപോയി തന്റെ ദൈവിക മഹിമയെ കാണിച്ചുകൊടുക്കുന്നു.

൨. കർത്താവു ഉയർന്ന ഒരു മലയുടെ മുകളിലേക്കാണു ശ്ലീഹന്മാരെ കയറിക്കൊണ്ടുപോയതു്. നാം ദൈവിക കാര്യങ്ങളെ വേണ്ടുംവണ്ണം ഗ്രഹിക്കയും ജ്ഞാനാനുഭവങ്ങൾ അനുഭവിക്കയും ചെയ്യണമെങ്കിൽ ഈ

ലൌകിക മായങ്ങളൊക്കയിൽ നിന്നു നമ്മുടെ ഹൃദയങ്ങളെ വേർതിരിച്ചു്, നമ്മുടെ ഏകനാഥനായ ദൈവത്തിൻ പക്കലേക്കു ജാഗ്രദ്ധ്യാനം വഴിയായി പൊങ്ങുവാനാവശ്യമാണു്. അപ്പോൾ ദൈവനാമകീർത്തനങ്ങളേയും ജ്ഞാനഗീതങ്ങളേയും ദൈവം നമ്മിൽ ചിന്തും.

൨. നമ്മുടെ കർത്താവിന്റെ തിരുമുഖം സൂര്യനെപ്പോലെ പ്രകാശിക്കയും വസ്ത്രങ്ങൾ വെണ്മഞ്ഞുപോലെ ശോഭിക്കയും ചെയ്തതിൽ, അങ്ങേതിരുശ്ശരീരത്തിൽ സാധാരണയായി മറഞ്ഞിരുന്ന ആ ദൈവികമഹിമപ്രതാപം ഒരു വിധത്തിൽ പുറമെ ശരീരക്കണ്ണുകൾക്കു ഗോചരവിഷയമായിരിന്നു. നാം ദൈവപ്രസാദത്തോടെ ജീവിക്കുമ്പോൾ, ആത്മാവു ദൈവമക്കൾക്കുള്ള മഹിമയോടെയിരിക്കുന്നതിനാൽ അതും മഹാപ്രകാശമുള്ളതും സൌന്ദര്യമുള്ളതുമാണു്. ഈ അനിത്യജീവിതത്തിൽ ശരീരത്തിനു പുറമെ ആത്മികാലങ്കാരവും പ്രകാശവും കാണപ്പെടുന്നില്ലെങ്കിലും, കടശികാലത്തു നമ്മുടെ കർത്താവു് മോക്ഷമഹിമയോടെ കാണപ്പെടുമ്പോൾ നീതിമാന്മാരെല്ലാവരും തുല്യമായ മഹിമപ്രതാപത്തോടുകൂടെ കാണപ്പെടും. അപ്പോൾ ശരീരങ്ങൾക്കും അക്ഷയം, ദീപ്തി, ലഘുത്വം, സൂക്ഷ്മം എന്നീ സ്വർഗ്ഗീയ വരങ്ങൾ നല്കപ്പെടും. എന്നാൽ ഇപ്പോൾ ഈ ജീവിതകാലം പാടുപെടുന്നതിനും പുണ്യയോഗ്യതകൾ സമ്പാദിക്കുന്നതിനും നിയമിക്കപ്പെട്ടിരിക്കയാൽ, സകലവിധമഹിമയും അടക്കി പാവപ്പെട്ട മനുഷ്യന്റെ സ്ഥിതിയിൽ ജീവിച്ചിരുന്ന നമ്മുടെ ഗുരുനാഥനായ ഈശോമ്ശിഹായെ അനുകരിച്ചു ജീവിക്കുന്നതിനും അങ്ങെ എളിമയെ കണ്ടുപഠിക്കുന്നതിനും നാം പ്രത്യേകം ശ്രമിക്കണം.

൩. നമ്മുടെ കർത്താവിന്റെ ദൈവമഹിമയെ അല്പനേരത്തേക്കു കണ്ട ശ്ലീഹന്മാർ സ്നേഹപരവശമായി "നമുക്കു ഇവിടെയിരിക്കുന്നതു നല്ലതു്. നിനക്കു മനസ്സുണ്ടെങ്കിൽ ഞങ്ങൾ ഇവിടെ മൂന്നു കൂടാരങ്ങളെയുണ്ടാക്കാം." എന്നു പറയുന്നു. ഇതുപ്രകാരമെങ്കിൽ മോക്ഷാനന്ദത്തിൽ സദാകാലം ദൈവത്തെ മുഖമുഖമായി കണ്ടുകൊണ്ടു ആനന്ദപ്പെടുന്നതു എത്രയോ മനോഹരമായിരിക്കും.

൪. ഈശോമ്ശിഹാ മറുരൂപമായിരിക്കയിൽ ഇതാ ബാവാതമ്പുരാൻ മേഘങ്ങളിൽ നിന്നു് "ഇയാൾ ഇനിക്കിഷ്ടമുള്ള എന്റെ സ്നേഹപുത്രനാകുന്നു; ഇയാളെ നിങ്ങൾ കേൾപ്പിൻ" എന്നു അരുളിച്ചെയ്യുന്നു. ഇതു ബാവാതമ്പുരാൻ നേരിട്ടു മൂന്നു ശ്ലീഹന്മാരോടും അവർ മൂലം നാമെല്ലാവരോടും അരുളിച്ചെയ്യുന്ന ഒരു സംക്ഷേപപ്രസംഗമാകുന്നു. ഈ പ്രസംഗത്തിന്റെ വാക്കുകൾ ചുരുക്കമെയുള്ളുവെങ്കിലും അവയുടെ സാരാർത്ഥവും അവ അടക്കിക്കൊള്ളുന്ന വിഷയങ്ങളും അനവധിയാകുന്നു. ബാവായുടെ തിരുമടിയിൽ നിന്നു നമ്മുടെ പക്കൽ ഇറങ്ങിവന്നിരിക്കുന്ന ഈ ഉപവിയാകപ്പെട്ട പുത്രൻ, വാക്കാലെയും പ്രവൃത്തിയാലെയും നമ്മെ പഠിപ്പിച്ചിട്ടുള്ളവയൊക്കയും അങ്ങെ ഒത്ത പുത്രരായ നാമെല്ലാവരും അനുകരിച്ചു നടക്കണമെന്നത്രെ ഈ ചെറിയ വാക്യങ്ങളുടെ ഉദ്ദേശം. ഇതിനാൽ 'ഞാൻ വഴിയും സത്യവും ജീവനുമാകുന്നു.' എന്നു കർത്താവു നമ്മോടു അരുളിച്ചെയ്യുന്നു. സാക്ഷാൽ മിശിഹാകർത്താവു് നടന്ന വഴിയെ ഇപ്പോൾ നാം നടക്കയും, താൻ പഠിപ്പിച്ച സത്യങ്ങളെ നാം വിശ്വസിക്കയും ചെയ്യാൽ കടശി നാം നിത്യജീവനിൽ തന്നിൽ ഭാഗ്യപ്പെടുകയും ചെയ്യും.

Y.M.C.A. Library

III. പെട്ടെന്നുള്ളതും ഒരുക്കമില്ലാത്തതുമായ മരണത്തിൽനിന്നും, മറ്റാപകടങ്ങളിൽനിന്നും രക്ഷിക്കുന്ന മദ്ധ്യസ്ഥയായ

വിശുദ്ധ ബർബറായുടെ ചരിത്രസംക്ഷേപം.

കന്യകയായ വിശുദ്ധ ബർബറാ നിക്കോമെദിയാക്കാരനായ ദിയൊസ്കോരുസ് എന്ന പേരുള്ള ഒരു പ്രഭുവിന്റെ പുത്രിയായിരുന്നു. ദിയൊസ്കോരുസ് ഏറ്റവും കുലശ്രേഷ്ഠതയുള്ള ഒരുവനായിരുന്നെങ്കിലും, അജ്ഞാനാന്ധതയിൽ കേവലം നിമഗ്നനായിരുന്നു. എന്നാൽ ബാർബറാ, ദൈവാനുഗ്രഹത്താൽ ദൃശ്യമായ സൃഷ്ടിപ്പുകളിൽ പ്രകാശിക്കുന്ന ദൃഷ്ടലക്ഷണങ്ങളെ സൂക്ഷ്മദൃഷ്ട്യാവലോകിച്ചതിനാൽ ഏറ്റവും നിമിഷത്തിൽ അദൃശ്യമായ സൃഷ്ടാവിന്റെ ജ്ഞാനത്തിൽ എത്തുന്നതിനു അവൾക്കു ഭാഗ്യം സിദ്ധിച്ചു. അതിനാൽ ഈ പൈതൽ ശൈശവം മുതൽക്കു ദൈവത്തിന്നായിക്കൊണ്ടും, ദൈവിക വിഷയങ്ങൾക്കായിക്കൊണ്ടും തന്നെ മുഴുവനും പ്രതിഷ്ഠിച്ചു. എന്നാൽ ഇവളുടെ പിതാവു തന്റെ വാത്സല്യകൂട്ടിയിൽ വിളങ്ങിയിരുന്ന അതിമനോഹരമായ സൌന്ദര്യം നിമിത്തം അവൾക്കു ഏതെങ്കിലും അപമാനം സംഭവിച്ചേക്കുമെന്നു ഭയന്നു അവളെ തന്റെ ഗോപുരത്തിൽ കൊണ്ടുപോയി താമസിപ്പിച്ചു. അവിടെ വെച്ചു ഈ പുണ്യവതിയായ പെൺപൈതൽ തന്റെ സ്നേഹഭാജനവും മണവാളനുമായി തിരഞ്ഞെടുത്തിരിക്കുന്ന ദൈവത്തെ പ്രസാദിപ്പിക്കുന്നതിന്നു സർവ്വാ പരിശ്രമിക്കയും ദിവസം മുഴുവനും ജപധ്യാനങ്ങളിൽ വിനിയോഗിക്കയും ചെയ്തുവന്നു. ഈ ബാലികാരത്നത്തോടു വിവാഹം കഴിക്കണമെന്നു അനുഗ്രഹിച്ചു അനേകം പ്രഭുക്കന്മാരും, സമ്പന്നന്മാരും അതിലേക്കു അവളുടെ പിതാവു വഴിയായി എത്രതന്നെ മുട്ടിച്ചുനോക്കിച്ചിട്ടും ഈ സാദ്ധീമണി അതൊട്ടും നിഷേധിക്കയാണ് ചെയ്തതു്.

എന്നാൽ അവളുടെ പിതാവു അവളിൽ നിന്നു വളരെ നാളത്തേക്കു ഒന്നുകൊണ്ടിരുന്നാൽ ഒരുവേള അവളുടെ ഉദ്ദേശങ്ങൾക്കു ഏതെങ്കിലും ഒരു വ്യത്യാസം ഉണ്ടാകാതിരിക്കയില്ലെന്നു കരുതി അവൾക്കു യാതൊരു അസൌകര്യവും നേരിടാതിരിക്കുന്നതിലേക്കു ആ ഗോപുരത്തിനകത്തുതന്നെ സ്നാനമുറിയും മറ്റും ചട്ടംകെട്ടി കൊടുത്തു കൊണ്ടു പരദേശസഞ്ചാരത്തിനായി പുറപ്പെട്ടു. തന്റെ പിതാവുദേശസഞ്ചാരത്തിനായി പോയിരിക്കയിൽ ബാർബറാ പ്രസ്തുത ഗോപുരത്തിൽ മുമ്പുണ്ടായിരുന്ന രണ്ടു ജന്നലുകൾക്കും പുറമേ പരിശുദ്ധ ത്രിത്വത്തിന്റെ സ്തുതിക്കായി മൂന്നാമതൊരു ജന്നൽക്കൂടെയും വെപ്പിക്കയും സ്നാനമുറിയുടെ മുൻവശത്തു ഒരു കുരിശടയാളം ചെത്തിക്കയും ചെയ്തു. ഒടുവിൽ ദിയൊസ്കോരുസ് മടങ്ങിവന്നു, ഈ ഭേദഗതികളെല്ലാം കാണുകയും, അവയുടെ അർത്ഥമെല്ലാം മനസ്സിലാക്കുകയും ചെയ്തപ്പോൾ തന്റെ പുത്രിയുടെ നേരെ കോപാക്രാന്തനായിത്തീർന്നു. കയ്യിൽ ഒരു വാളും പിടിച്ചുകൊണ്ടു അവളെ എല്ലായിടവും അന്വേഷിച്ചതിൽ ദൈവാനുഗ്രഹത്താൽ അവളെ കണ്ടു കിട്ടിയില്ല. ബാർബറാ ഓടി ഒരു പാറയുടെ വിള്ളലിൽ കൂടി കടന്നു ഒരു മലമുകളിൽ എത്തി അവിടെ ഒരു ഗുഹയിൽ ഒളിച്ചിരുന്നു. ഏങ്കിലും കുലത്രാമസംവിനാ അവളുടെ ക്രൂരനായ പിതാവു ഈ പുണ്യവതിയായ ബാലികയെ കണ്ടെത്തി, എത്രയും നിഷ്ഠുരമായി അവളെ തൊഴിക്കയും, ചവിട്ടുകയും, അവളുടെ തലമുടിക്കു പിടിച്ചു കല്ലുകളിലും മുള്ളുകളിലും കൂടി വലിച്ചുകൊണ്ടു

പോകയും അവളെ ശിക്ഷിക്കുന്നതിനായി മെർസ്സിയാൻ എന്ന അധികാരിക്കു ഏല്പിച്ചു കൊടുക്കയും ചെയ്തു.

നഗരാധികാരി അ കന്യയുടെ പ്രതിജ്ഞയെ ഒന്നിളക്കുന്നതിനായി പടിച്ച പണിയെല്ലാം കഴിച്ചിട്ടും ഫലമില്ലെന്നു കണ്ടു കന്യകയുടെ വസ്ത്രം വാരിക്കുതിരച്ചാട്ടകൊണ്ടടിക്കുന്നതിനും മുറിവുകളിൽ ഓട്ടുകഷണങ്ങളിട്ടു ചീന്തുന്നതിനും അനന്തരം പാറാവിൽ വലിച്ചുകൊണ്ടു പോയി ഇട്ടുന്നതിനും കല്പിച്ചു. പാറാവിൽവച്ചു ഈശോമിശിഹാ അതിശോഭയുള്ള പ്രകാശകിരണങ്ങൾ വീശിക്കൊണ്ടു ഈ പുണ്യവതിക്കു പ്രത്യക്ഷനായി അവളെ അപരിമിത മാധുര്യത്താൽ ആശ്വസിപ്പിക്കയും, ഇനിയും അവളനുഭവിപ്പാനിരിക്കുന്ന ബാധകളെ ധൈര്യസമേതം സഹിക്കത്തക്കവണ്ണം ദിവ്യ പ്രസാദവരംകൊണ്ടു ബലപ്പെടുത്തുകയും ചെയ്തു. ഇതെല്ലാം കണ്ടു നിന്നിരുന്ന യൂലിയാനാ എന്നു പേരായ ഒരു മാടമ്പിസ്ത്രീ തൽക്ഷണം മനസ്സുതിരിഞ്ഞു സത്യവിശ്വാസം കൈക്കൊള്ളുകയും വിശുദ്ധ ബർബാറയോടുകൂടെ വേദസാക്ഷിമുടി പ്രാപിക്കയും ചെയ്തു.

ഒടുവിൽ ബർബാറയുടെ നിമ്ലവും മൃദുവുമായ ശരീരത്തെ ഇരുമ്പു ചീപ്പുകൾകൊണ്ടു ചീന്തുന്നതിനും രണ്ടു പള്ളക്കും പന്തം കുത്തിച്ചുവെച്ചു എരിയിക്കുന്നതിനും തല, മുറിക്കുകൾകൊണ്ടു ചതയ്ക്കുന്നതിനും അധികാരി കല്പിച്ചു. ഈ ഉഗ്രമേറിയ പീഡകളുടെ മദ്ധ്യേ വിശുദ്ധ ബർബാറ തന്റെ സഹസാക്ഷിയായ യൂലിയാനായെ ആശ്വസിപ്പിക്കയും അവസാനപര്യന്തം ധീരതയോടെ പോരാടുന്നതിനു ഉപദേശിക്കയും ചെയ്തിരുന്നു. ഈ രണ്ടു പുണ്യവതികളുടേയും സ്തനങ്ങൾ ഛേദിക്കപ്പെടുകയും നഗ്നരായി തെരുവീഥികളിൽ കൂടി വലിക്കപ്പെടുകയും കടശിയായി തല വെട്ടപ്പെടുകയും ചെയ്തു. വിശുദ്ധ ബർബാറയുടെ ശിരസ്സു ഛേദിച്ചതു എത്രയും നിഷ്ഠുരനും കഠിനഹൃദയനുമായ തന്റെ പിതാവു തന്നെയായിരുന്നു. എങ്കിലും അവന്റെ മൃഗതുല്യമായ ക്രൂരതയ്ക്കു തക്ക ശിക്ഷ ഉടനെ കിട്ടാതിരുന്നില്ല. എങ്ങനെയെന്നാൽ തൽക്ഷണം അ സ്ഥലത്തുവെച്ചുതന്നെ അവനെ ഒരു ഇടിവെട്ടി ഭസ്മീകരിക്കയുണ്ടായി.

ഫ്രാൻസ് . 2

IV. പുണ്യപരീക്ഷ.

ദൈവത്തെ സംബന്ധിച്ച പുണ്യങ്ങൾ.

കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞ പ്രകാരം ദൈവത്തിന്റെ കടമകളെ നിവർത്തിപ്പാൻ സഹായിക്കുന്ന പുണ്യങ്ങൾ ക. ദൃഢവിശ്വാസം, നിർഭയത്വം ഖ. മഹാത്മ്യം, ഉദാരബുദ്ധി ന. ക്ഷമ, ദീർഘശാന്തത. ര. സ്ഥിരബുദ്ധി, സ്ഥൈര്യം. ഇവകളാകുന്നു. ഇവയിൽ (ക) ദൃഢവിശ്വാസം എന്നതു ഉറച്ചതിരിക്കുന്ന തിന്മയെ ജയിക്കാം എന്നുള്ള വിശ്വാസത്തെ തരുന്ന ഒരു പുണ്യമാകുന്നു. ഇതു അപകടത്തിൽ പ്രവേശിപ്പാനും ഉത്സാഹം കൊടുക്കുന്നു. നിർഭയത്വം ക്രമംകെടുന്ന ഭയത്തേയും അതിവിചാരത്തേയും നീക്കുന്നതായ ദൃഢവിശ്വാസത്തിന്റെ ഒരു പൂർണ്ണത അഥവാ ഗുണമാകുന്നു.

(ഖ) മാഹാത്മ്യം മഹത്തായും വീരതരമായുമുള്ള പ്രവൃത്തികൾക്കു മനസ്സിനെ ഉത്സാഹിപ്പിക്കുന്ന ഒരു പുണ്യമാകുന്നു. മഹത്തായ കാര്യങ്ങളുടെ വിചാരവും നിർവ്വഹണവും ഇതിൽനിന്നു ഉത്ഭവിക്കുന്നു. ബുദ്ധിയുടെയും ന്യായത്തിന്റെയും പ്രമാണം അനുസരിച്ചു ഇവയെ ക്രമീകരിക്കുന്നതിനു ഈ പു

ണ്യം സഹായിക്കുന്നു. ഉദാരബുദ്ധി മാഹാത്മ്യത്തെ സംബന്ധിച്ച ഒരു പുണ്യമാകുന്നു. ഇതു മറ്റത്തായ കായ്ങ്ങളെ ചെയ്യുന്ന ഒരു പുണ്യം എന്നു അർത്ഥത്തിൽ, ദൈവത്തിലും മ്ശിഹായിലും, വലിയ കായ്ങ്ങളെ പ്രവർത്തിച്ചിട്ടുള്ള പുണ്യവാന്മാരിലും, ഉള്ള ഒരു പുണ്യമാകുന്നു. ബാഹ്യവിഷയങ്ങളിൽ വലിയ ചിലവുകൾ ചെയ്യ വലിയ കായ്ങ്ങളെ നടത്തുന്നു എന്ന അർത്ഥത്തിൽ മനുഷ്യനെ സംബന്ധിച്ച ഒരു വിശേഷ പുണ്യവുമാകുന്നു.

(൩) ക്ഷമ തൽക്കാല അനർത്ഥങ്ങളിൽനിന്നുണ്ടാകുന്ന ക്ലേശത്തെ മിതപ്പെടുത്തുകയും ഇവയെ നാമാധാനബുദ്ധിയോടെ സഹിക്കയും ചെയ്യുന്ന ഒരു പുണ്യമാകുന്നു; അഥവാ തിന്മകളിൽ ബുദ്ധിയെ സ്ഥിരപ്പെടുത്തുന്നതും ഇവയിൽനിന്നുണ്ടാകുന്ന ക്ലേശങ്ങളെ ക്രമപ്പെടുത്തുന്നതും ആയ ഒരു പുണ്യമാകുന്നു. ഈ പുണ്യത്തിന്നു പല പദവികളുണ്ട്. ദൈന്യനഷ്ടം സഹിക്കുന്നതു ഒന്നാം പദവിയും, മാനനഷ്ടം സഹിക്കുന്നതു രണ്ടാംപദവിയും, ശരീരത്തിന്റെയും ജീവന്റെയും നഷ്ടം സഹിക്കുന്നതു മൂന്നാംപദവിയും ആകുന്നു. നീതിമാനായ ഈയോബിന്റെയും വേദസാക്ഷികളുടെയും, പ്രത്യേകിച്ചു, ക്ഷമയുടെ എല്ലാ പദവിയിലും വാസ്തവത്തിൽ ദൈവിക സ്ഥൈര്യംകാണിച്ച ഈ മ്ശിഹായുടെയും ക്ഷമ ഈ മൂന്നാം പദത്തെ സംബന്ധിക്കുന്നതാകുന്നു. ഇനി സഹിക്കുന്ന വിധം നോക്കിയാൽ, പിറുപിറുപ്പുകൂടാതെ ക്ഷമിക്കുന്നതു ക്ഷമയുടെ ആദ്യപദവിയും; അന്യന്മാരുടെ പക്കൽ വിലപിക്കാതെ ക്ഷമിക്കുന്നതു രണ്ടാം പദവിയും, ശ്ലീഹന്മാരും മറ്റനേകം പരിശുദ്ധന്മാരും ചെയ്തപ്രകാരം ദുഃഖങ്ങളെ ദൈവത്തെപ്രതി സന്തോഷത്തോടും ആഗ്രഹത്തോടുംകൂടെ ക്ഷമിക്കുന്നതു ക്ഷമയുടെ മൂന്നാംപദവിയുമാകുന്നു.

കടശിയായി നാം സഹിക്കുന്ന ദോഷങ്ങളുടെകാരണങ്ങളെ നോക്കിയാൽ (൧) നമ്മുടെ പാപങ്ങൾക്കു ശിക്ഷയായി ദൈവത്തിൽനിന്നോ മനുഷ്യരിൽനിന്നോ നമുക്കു വരുന്ന ദുഃഖങ്ങളെ ക്ഷമാപൂർവ്വം സഹിക്കുന്നതു ക്ഷമയുടെ ഒന്നാം പദവിയും, (൨) നമ്മുടെ കുറ്റംകൂടാതെ നമ്മുടെ ശത്രുക്കളിൽനിന്നോ അന്യന്മാരിൽനിന്നോ നാം ദുഃഖങ്ങളെ സഹിക്കുന്നതു രണ്ടാംപദവിയും (൩) നമ്മിൽനിന്നു ഉപകാരം കൈക്കൊണ്ടവരിൽനിന്നു നാം ദോഷം സഹിക്കുന്നതു മൂന്നാം പദവിയും ഇപ്രകാരം നാം സഹിക്കുന്ന ഉപദ്രവങ്ങൾ അത്യന്തം വലിയവ ആയിരിക്കയും, ഇവകളെ നാം ഏറ്റം സന്തോഷപൂർവ്വം സഹിക്കയും ചെയ്യുമെങ്കിൽ ഇതു് എല്ലാപ്രകാരത്തിലും ഉത്തമമായ ക്ഷമയുടെ നാലാം പദവിയാകുന്നു. ദീർഘശാന്തത ക്ഷമയുടെ ഒരു പങ്കാകുന്നു; ഇതു അഗ്രഹിക്കുന്ന കായ്ത്തിന്റെ താമസത്തിൽ ഉണ്ടാകുന്ന അനിഷ്ടത്തെ സഹിക്കുന്ന ഒരു പുണ്യമാകുന്നു. ഇപ്രകാരം ദൈവം നമ്മെ പശ്ചാത്താപത്തിന്നു ക്ഷണിക്കുകയും നമ്മുടെ ഓരോ സാന്തരത്തെ പാർത്തിരിക്കുകയും, നമ്മുടെ കുള്ള ക്ഷമയാചനത്തെ സഹിക്കയും ചെയ്യുന്നതിൽ അങ്ങനെ ദീർഘശാന്തതയുള്ളവനെന്നു പറയപ്പെട്ടുന്നു.

(൪) സ്ഥിരബുദ്ധി അഥവാ സ്ഥിരത രണ്ടർത്ഥത്തിൽ സ്വീകരിക്കപ്പെട്ടുന്നുണ്ടു്. ൧-മതു്. നീതിയിൽ മരണത്തോളം സ്ഥിരമായി നിൽക്കുന്നതു. ഈ അർത്ഥത്തിൽ ഇതു ഒരു പുണ്യമല്ല. പുണ്യത്തിന്റെ ഒരു അവസ്ഥാഭേദംമാത്രമാകുന്നു. ൨-മതു് ദീർഘതകൊണ്ടുള്ള അനിഷ്ടം പ്രമാണിക്കാതെ നന്മയിൽ മനസ്സിനെ സ്ഥിരമായി കാക്കുന്ന ഒരു പുണ്യം എന്ന ഈ പ്രത്യേകാർത്ഥത്തിൽ സ്ഥിരത, ധൈര്യത്തെ സംബന്ധിച്ച ഒരു പുണ്യമാകുന്നു. സ്ഥൈര്യം എന്നതു സ്ഥിരതയിൽനിന്നു അധികം വ്യത്യാസപ്പെട്ടതല്ല. ഇതിൽ അടങ്ങിയിരിക്കുന്നതുതന്നെയാകുന്നു. ഇതു ഒരുത്തൻ ന

മയിൽ സ്ഥിരമായി നിൽക്കുന്നതിൽ ജയിക്കേണ്ടിവരുന്ന പ്രയാസങ്ങളെ നേരെ സംബന്ധിക്കുന്നതിൽ സ്ഥിരതയിൽനിന്നു വ്യത്യാസപ്പെട്ടതായി പറയുന്നു.

അവസാനമായി മോക്ഷഭാഗ്യത്തെ പ്രതി ദുഃഖങ്ങളെ സഹിക്കുന്നതിൽ നമുക്കു ധൈര്യവും ഇതിനെ സംബന്ധിച്ച മറ്റു പുണ്യങ്ങളും നമുക്കാവശ്യപ്പെടുമ്പോൾ ഈ വേദവാക്യങ്ങളെ നാം മറന്നുകളയരുതു്. "സഹോദരന്മാരെ നിങ്ങൾ പലവിധ പരീക്ഷകളിൽ ഉൾപ്പെട്ടുകയിൽ എത്രയും അധികമായി സന്തോഷിപ്പിൻ എന്തെന്നാൽ ക്ഷമയിൽ പൂർണ്ണതയിരിക്കുന്നു." (യാക്കോ. ൧.) പുണ്യം ക്ഷീണതയിൽ വൃത്തിയാക്കപ്പെടുന്നു (൧ പ്രേ. ൧൰. ൯.) നമ്മിൽ പ്രത്യക്ഷപ്പെടുവാനിരിക്കുന്ന ഭാഗത്തോടും ഈ കാലത്തിന്റെ ദുഃഖങ്ങളെ ഉപമിപ്പാൻ പാടില്ല. കണ്ണുനീരോടുകൂടെ വിതയ്ക്കുന്നവൻ സന്തോഷത്തോടെ കൊയ്യും. അവർ പോകയിൽ തങ്ങളുടെ വിത്തുകളെ വിതച്ചുകൊണ്ടുപോയിരുന്നു. എന്നാൽ അവർ തിരിച്ചുവരികയിൽ സന്തോഷവും തങ്ങളുടെ കറ്റകളെ വഹിച്ചുകൊണ്ടുവരും. (സങ്കീ. ൧൨൬) ഈ കാലത്തിലെ ലഘുവായും അല്പമായുമുള്ള ദുഃഖം എന്നെന്നേക്കും വലിയ മഹിമയെ നമുക്കു തയ്യാറാക്കുന്നു. (൨ കൊ. ൪. ൧൭.)

Y&92 .2 .ᴅ

V. വി. യുലിയാനാ ദെലീജ്" എന്ന പുണ്യവതിയും ദിവ്യകാരുണ്യ തിരുനാളും.

വി. യുലിയാന, ബെൽജിയത്തിലെ ഒരു പ്രസിദ്ധ പട്ടണമായ ലീജിന്നു സമീപം 'റെതിന്നെ' എന്ന ഗ്രാമത്തിൽ, കുലശ്രേഷ്ഠരും, ധനികരുമായ മാതാപിതാക്കളിൽ നിന്നു ൧൨൨൨-ാം കാലം പിറന്നു. അഞ്ചു വയസ്സായിരിക്കയിൽ മാതാപിതാക്കൾ കാലംചെയ്കയാൽ ലീജിന്നു സമീപം മോൻറു കോർണില്ലൻ എന്ന സ്ഥലത്തു നിവസിച്ചിരുന്ന സിസ്റ്റേർസിയൻ സഭാകന്യകകളുടെ സംരക്ഷണയിൻകീഴ് ഏല്പിക്കപ്പെട്ട ഇവൾക്കു ആ സ്ഥലത്തു ഒരാശ്രമവും അതോടടുത്തു കുഷ്ഠരോഗ ബാധിതരായി വിശുദ്ധ നാട്ടിൽ നിന്നു പിന്തിരിഞ്ഞു വന്നിരുന്ന യാത്രക്കാരെ സദയം കൈക്കൊള്ളുന്നതിന്നായി ഒരു വലിയ ആതുരശാലയുമുണ്ടായിരുന്നു.

വി. യുലിയാന ചെറുപ്പം മുതൽ ഏകാന്തതയിലും, പുസ്തകപാരായണത്തിലും ജപത്തിലുമുള്ള താല്പര്യത്തിലും, എന്നാൽ ഏറ്റവും പ്രധാനമായി ദിവ്യകാരുണ്യത്തിൻ നേരെയുള്ള എത്രയും അസാധാരണമായ ഭക്തിയിലും കീർത്തിപെട്ടിരുന്നു. ഇവളുടെ ജീവചരിത്രത്തിൽ വിവരിച്ചിട്ടുള്ള അനേക സംഭവങ്ങളിൽ നിന്നു, ദിവ്യകാരുണ്യപെട്ടകത്തിൽ ന. ദി. രക്ഷകനെ എഴുന്നെള്ളിച്ചുവച്ചിട്ടുണ്ടോയില്ലയോയെന്നു സംശയിക്കുമ്പോലെ ഇവൾ നന്നായി ഗ്രഹിച്ചിരുന്നുവെന്നു അറിവാൻ പാടുണ്ടു്. ഈ വിശുദ്ധയുടെ ഈ അസാമാന്യ ഭക്തികണ്ടുകൊണ്ടു, ഈ ഭക്തിയിൽ ഇവൾ അധികമായി വർദ്ധിക്കുന്നതിന്നു ഇവളെ സഹായിക്കുന്നതിന്നായി, ശ്രേഷ്ഠത്തിയായ സപ്പിയേൻസ്യ ഇവൾക്കു ഒരു പ്രത്യേക ജപക്രമം ഉണ്ടാക്കിച്ചുകൊടുത്തു.

൧൨൨൨-ൽ യുലിയാനാസ്സു കന്യകിച്ചുന്ന വയസ്സായിരിക്കയിൽ താഴെ വിവരിക്കുന്ന ഒരു വെളിപാടുണ്ടായി. ഇവൾ പതിവായുള്ള സ്മരണം ധ്യാനപരവശയായിരിക്കയിൽ അരുപിയിൽ ഒരു പൂർണ്ണചന്ദ്രന്റെ കാഴ്ച കാണുന്നതിന്നിടയായി. എന്നാൽ ഈ ചന്ദ്രന്റെ പൂർണ്ണപ്രകാശത്തിന്നു തടവു വരുത്തി അതിന്റെ ഭംഗിയെ കുറയ്ക്കത്തക്കവണ്ണം അതിന്റെ ഒരു ചെറിയഭാഗം ഇരുണ്ടു കിടന്നിരുന്നു. യുലിയാന ആദ്യം ഈ കാഴ്ചയെ ഗണ്യമാക്കിയില്ല. എന്നാൽ അതു വീണ്ടും പല പ്രാവശ്യം സംഭവിച്ചതിനാൽ അസഹ്യപ്പെട്ട തന്റെ ഈ രഹസ്യത്തെ ശ്രേഷ്ഠത്തിയോടറിയിച്ചു. മാർഗ്ഗദർശിയായിരുന്ന സപ്പിയേൻസ്യയും, അവൾ ആലോചന ചോദിച്ച ശാസ്ത്രജ്ഞന്മാരും ഇതു രൊറ്റ ഒ

രു സ്വപ്നം മാത്രമാകുന്നുവെന്നു തീർച്ചയാനിച്ചു.

യൂലിയാന അനേക ദിവസങ്ങളോളം ഇടമുറിയാതെ അപേക്ഷിച്ച ശേഷം നിദ്രാപിക്കുന്നതിനിടയായി. ഈ നിദ്രാസമയത്തിൽ തന്റെ കാഴ്ചയുടെ അർത്ഥമെന്തെന്നു അവൾക്കു അറിയിച്ചു കൊടുക്കപ്പെട്ടു. അവളുടെ സ്വപ്നത്തിൽ ഇപ്രകാരം പറയുന്നതായി തോന്നി:— "നീ കാണുന്നതും, നിനക്കു മനുഷ്യലക്കും വരുത്തുന്നതുമായ ഈ ചുവർ എന്റെ തിരുസഭയുടെ ഒരു സാദൃശ്യമാകുന്നു. അതിന്റെ പൂർണ്ണപ്രകാശത്തെ കുറയ്ക്കുന്ന ആ കൃഷ്ണവർണ്ണം തല്ക്കാലം തിരുസ്സഭയിൽ ഇല്ലാത്തതും, അതിൽ ഏപ്പെടുത്തുന്നതിനു ഞാൻ ആഗ്രഹിക്കുന്നതുമായ ഒരു തിരുനാളാകുന്നു. ഇതു എത്രയും പരിശുദ്ധ ദിവ്യകാരുണ്യത്തിരുനാളത്രെ. ഈ തിരുനാൾ ഇപ്പോൾ പെസഹാ വ്യാഴാഴ്ച മാത്രം ആചരിക്കപ്പെട്ടുവരുന്നു. എന്നാൽ ആ ദിവസത്തെ ആലോചനയുടെ പ്രധാന വിഷയങ്ങൾ എന്റെ പാട പീഡകളും, മരണവുമാകുന്നു. അതുകയാൽ ക്രിസ്തീയ ലോകം മുഴുവനിലും ഇതു ഒരു മഹാ വലിയ തിരുനാളായി ആഘോഷിക്കുന്നതിനു വേണ്ടി വേറൊരു ദിവസം കൂടി നിശ്ചയിക്കപ്പെടേണമെന്നത്രെ എന്റെയാഗ്രഹം. ഇപ്രകാരം ചെയ്യുന്നതിനു മൂന്നു കാരണങ്ങളുമുണ്ട്. —

൧—മതു ഇപ്പോൾ ഏതുക്കപ്പെടുന്നതിനു ആരംഭിച്ചിരിക്കുന്നതും ഇനിമേലാൽ അധികമായി ഭയപ്പെടുത്തപ്പെടുവാനിരിക്കുന്നതുമായ 'ദൈവിക രഹസ്യത്തിലുള്ള വിശ്വാസത്തെ വീണ്ടുറപ്പിക്കുന്നതിനും' സ്ഥിരപ്പെടുത്തുന്നതിനും;

൨—മതു വിശ്വസിച്ചുകൊണ്ടു സത്യത്തെ അന്വേഷിക്കുന്ന വിശ്വാസികൾ നല്ല പോലെ പഠിച്ചു, പുണ്യവഴിയിൽക്കൂടെ നടക്കുന്നതിനാവശ്യമായ ശക്തിയെ ഈ 'ജീവന്റെ കിണറ്റിൽ' നിന്നു കോരിയെടുക്കുന്നതിനു പ്രാപ്തരായി തീരുവാനും;

൩—മതു് യഥാർത്ഥമായതും, ആചാരം നിറഞ്ഞതുമായ ആരാധനയാൽ ദിവ്യകാരുണ്യത്തിൽ എഴുന്നള്ളിയിരിക്കുന്ന ദിവ്യ പ്രഭയോടു ചെയ്യുവരുന്ന ആചാരക്കുറച്ചിലുകൾക്കും, നിന്ദാപമാനങ്ങൾക്കും പരിഹാരം ചെയ്യുന്നതിനും ആകുന്നു.

എന്നാൽ യൂലിയാനയെ! ഈ തിരുനാൾ ഏപ്പെടുത്തുന്നതിലേക്കുള്ള വഴിയെ കാണിച്ചു കൊടുക്കുന്നതിനായി നിന്നെ ഞാൻ തെരിഞ്ഞെടുത്തിരിക്കുന്നു."

ദൈവം വലിയ കാര്യങ്ങൾക്കായി എളിമയുള്ളവരെയത്രെ തെരിഞ്ഞെടുക്കുന്നതു്. ഇപ്രകാരമത്രെ മൂശ, ഏറശ്യ എന്ന ദീർഘദർശികൾ, ദൈവമാതാവായ പരിശുദ്ധ കന്യ മറിയം, പ. മറിയംമർഗരീത്ത, അലക്കോക്കു് ആദിയായവരെ ദൈവം തെരിഞ്ഞെടുത്തതു്. ഇതുപോലതന്നെ ഈ കാര്യത്തിനായി വി. യൂലിയാനായെ സർവ്വേശ്വരൻ നിശ്ചയിച്ചു മേല്പറഞ്ഞപ്രകാരം അവളോടു ജ്ഞാപിച്ചു. ഉടൻ ഈ വിശുദ്ധ, ദൈവതിരുമുമ്പാകെ സാഷ്ടാംഗം വീണുകൊണ്ടു, "കർത്താവെ! ഇത്രവലിയ ഒരു ജോലിക്കു എന്നെ നിയമിക്കുന്നതിനു ഞാനാരാകുന്നു? നീ എന്നെ അറിയപ്പെടാത്ത ഒരു ജീവിതാവസ്ഥയിലല്ലയൊ വച്ചിരിക്കുന്നതു? ജ്ഞാനികളെയും ശാസ്ത്രജ്ഞരേയും നീ കണ്ടെത്തുന്നില്ലയൊ? വലിയ ജോലികളെ നിർവഹിക്കുന്നതിനു പ്രാപ്തരായവർ നിന്റെ തിരുസ്സഭയിൽ ഇല്ലയൊ? എന്നാൽ ഇതു നിറവേറ്റുന്നതിനു യാതൊരു പരിചയവും, സഹായവുമില്ലാത്ത ഒരു പാവപ്പെട്ട യുവതിയായ ഞാൻ ആരാകുന്നു? കർത്താവെ! ഇതിനു ഞാൻ അയോഗ്യയാകുന്നു" എന്നു പറഞ്ഞു. അപ്പോൾ ന. ദി. രക്ഷകൻ, "നിന്നെ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു. നീയും, മറ്റു ബലഹീനരും പ്രാപിയില്ലാത്തവരും വഴിയായി ഈ വേല നിറവേറണമെന്നത്രെ ഞാൻ നിശ്ചയിച്ചിരിക്കുന്നതു്" എന്നു് അരുളിച്ചെയ്തു.

ഈ പുതിയ വെളിപാടിൽ നിന്നു നിനക്കു മുന്നുണ്ടായ വെളിപാടു സത്യമായുള്ളതെന്നു യൂലിയാന ഉറപ്പായി വിശ്വസിച്ചു സന്തോഷിച്ചിരുന്നെങ്കിലും, എളിമമുഖാന്തിരം ഇരുപതു സംവത്സരത്തിലധികം ഇതേ സംബന്ധിച്ചു ആരോടും യാതൊന്നും പറയാതെ, 'പിതാവെ! പാടുണ്ടെങ്കിൽ ഇതു എന്നിൽ നിന്നു അകറ്റിത്തരേണമെ' എന്നു ന. ദി. രക്ഷകനോടുക്കൂടെ മുട്ടിപ്പായി അപേക്ഷിച്ചിരുന്നു. ഈ കാലാവധിയുടെശേഷം തന്റെ ഒരു ഉറ്റ സ്നേഹിതയും ഒരു ഏകാന്ത സന്യാസിയുമായിരുന്ന ഈശ പുണ്യവളോടു ആദ്യമായി തന്റെ ഈ രഹസ്യങ്ങളെ വെളിപ്പെടുത്തി. ഇവൾ ആ കാലങ്ങളിൽ

നടപ്പായിരുന്ന പ്രകാരം ലീജിലെ വി. മത്തീനോസിൻ ദേവാലയത്തോട് ചേർന്ന് ഒരു ചെറിയ മുറി കെട്ടിയുണ്ടാക്കി അതിൽ ഏകാന്തവാസിനിയായി പാർത്തിരുന്നു. ഇവളും വി. യുലിയാനായും തമ്മിൽ അതി സ്വാഭാവീകമായ സ്നേഹത്താൽ എത്രയും ബലമായി ബന്ധിക്കപ്പെട്ടിരുന്നു. ഇതിനാൽ വി. യുലിയാനാ ഇവളോട് പറഞ്ഞതായത്, "അധികനാളായി യാതൊരുവനോടും വെളിപ്പെടുത്താതെ ഒരു രഹസ്യം ഞാനെന്റെ ഹൃദയത്തിൽ സൂക്ഷിച്ചുവരുന്നു. ഇതിനെ വാക്കുകളാൽ ഞാൻ എങ്ങിനെ വിവരിക്കുമെന്നു ഇനിക്കു അറിഞ്ഞുകൂടാ. എങ്കിലും നിന്നോട് ഞാൻ പറയുന്നവകളെ ശ്രദ്ധിച്ചു കേൾക്ക." ഇതിന്റെ ശേഷം അവ വിശുദ്ധ തനിക്കുണ്ടായ കാഴ്ചകളെയും, അവയുടെ ശ്രേഷ്ഠത്തെയും ദിവ്യകാരുണ്യത്തിന്റെ സ്തുതിക്കായി ഒരു തിരുനാൾ ഏർപ്പെടുത്തുന്നതിനു ദൈവം തന്നെ നിയമിച്ചിരിക്കുന്ന വിവരത്തെയും വർണ്ണിച്ചശേഷം, ഈ തിരുനാളാഘോഷം മുമ്പിനാൽ തന്നെ പരി. ത്രിത്വത്താൽ നിയമിക്കപ്പെട്ടിരിക്കുന്നതാകുന്നുവെന്നും പറഞ്ഞു.

(തുടരും.)

ﻣﺤﻤﺪ .2

VI. ആശാനിഗ്രഹം.

"എന്റെ പിന്നാലെ വരുവാൻ യാതൊരുത്തനു മനസ്സുണ്ടെങ്കിൽ, അവൻ തന്നത്തന്നെ പരിത്യജിക്കട്ടെ." എന്നു നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നു. (മത്തായി ക്രമ. ൨൪.)

ഈ പുണ്യാഭ്യാസത്തെപ്പറ്റി വിശുദ്ധ വിൻസെന്റു ദെപോൾ ഇപ്രകാരം പ്രസ്താവിക്കുന്നു. "മിശിഹായെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ ആരെങ്കിലും ഒന്നാമതായി ചെയ്യേണ്ടതു അങ്ങേ ഉപദേശം അനുസരിച്ചു തന്നത്തന്നെ പരിത്യജിക്കുക ആകുന്നു. അതായത് തന്റെ ഇന്ദ്രിയങ്ങളേയും, ആശാപാശങ്ങളേയും, സ്വഹരയേയും, സ്വാഭിപ്രായത്തേയും, സ്വഭാവജന്യങ്ങളായ സമസ്തവികാരങ്ങളേയും അടക്കി ഇവയെല്ലാം ദൈവത്തിനു പൂജിക്കണം. ഈ പൂജ ദൈവത്തിനു എത്രയും ഇഷ്ടമുള്ള ഒന്നാകുന്നു. ഇതിൽ ഒരിക്കലും അജാഗ്രതയായിരിപ്പാൻ പാടുള്ളതല്ല. എന്തുകൊണ്ടെന്നാൽ ഒരുവൻ പുണ്യവഴിയെ നടന്നു സ്വർഗ്ഗവാതിക്കൽ എത്തി ഒരു കാലു അകത്തുവച്ചു എന്നിരുന്നാലും ആശാനിഗ്രഹം എന്നീ സുകൃതാഭ്യാസത്തെ അഗണ്യമാക്കിക്കൊണ്ട് മറേറക്കാലു അകത്തുവയ്പാൻ ശ്രമിക്കുന്നു എന്നുവരികിൽ അക്ഷണത്തിൽ തന്നെ താഴെ വീഴുന്നതിനുള്ള ആപത്തിലാകയും ചെയ്യും." ഈ പുണ്യവാൻ തന്റെ ജീവിതകാലം മുഴുവനും പ്രയോഗിച്ച ഒരു പ്രധാനായുധം ഈ സുകൃതാഭ്യാസം തന്നെയായിരുന്നു. ഇതുമൂലം തന്റെ കീഴ്മശത്തിന്റെ എല്ലാചലനങ്ങളെ കൂടി സുബോധന്യായത്തിനു പൂർണ്ണമായി കീഴ്പെടുത്തിയിരുന്നു. ഇതിനാൽ ഇദ്ദേഹത്തിനു അരിശം, കോപം, കൊതി, മോഹം, അഹംകാരം ഇത്യാദി ദുരാശാപാശങ്ങൾ ഒന്നുംതന്നെ ഇല്ലാത്തതുപോലെ തോന്നിയിരുന്നു.

വിശുദ്ധ യോഹന്നാൻ ക്രിമക്കോസ് പൂർവ്വനവാസികളെക്കുറിച്ചു പറഞ്ഞിരിക്കുന്നതായത്. അവർ പുണ്യസാംഗോപാംഗത്തിന്റെ അഗ്രത്തിൽ എത്തിയിരുന്ന ആളുകൾ ആയിരുന്നാലും വിവിധമായ ആശാനിഗ്രഹം അനുസരിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ ഈ പുണ്യാത്മാക്കൾ മനുഷ്യരുടെ അഭിപ്രായത്തിൽ ഏറാവും പരിശുദ്ധന്മാരായി മതിക്കപ്പെട്ടിരുന്നാലും തങ്ങളുടെ ആശകളെ നിഗ്രഹിക്കുന്നതിൽ അജാഗ്രത വിചാരിച്ചിരുന്നെങ്കിൽ വളരെ ഫലപുഷ്ടിയുള്ള ഭൂമി കൂടെയും വെട്ടംകിളയും ഇല്ലാതെ കിടന്നാൽ കാട്ടം പടലയും പിടിച്ചു പ്രയോജനമറ്റതായി തീരുന്നതുപോലെ തങ്ങൾക്കുണ്ടായിരുന്ന പുണ്യസമ്പാദ്യമൊക്കെയും

നഷ്ടമാക്കി ദുർഗ്രഹണങ്ങളുടെ അടിമകളായി തീരുമായിരുന്നു.

ഇതിനാൽ വിശുദ്ധ ഈരാനിമ്മോസ് ജ്ഞാന ജീവിതത്തിൽ നമുക്കുള്ള അഭിവൃദ്ധി, അശാനിഗ്രഹമെന്ന പുണ്യത്തിൽ നമുക്കുള്ള അഭിവൃദ്ധി അനുസരിച്ചിരിക്കുമെന്നും നമ്മെത്തന്നെ നാം നിഗ്രഹിക്കുന്നതിൽ എത്രത്തോളം ബദ്ധശ്രദ്ധയുള്ളവരായിരിക്കുമോ, അത്രത്തോളം നാം പുണ്യപൂർണ്ണത പ്രാപിച്ചിരിക്കുമെന്നും തീർച്ചയായി ധരിച്ചുകൊള്ളണമെന്നു ഉപദേശിക്കുന്നു.

വിശുദ്ധ പ്രൻസിസ്കോസ് ബോർജ്യാ, വല്ലൊരുത്തനും പുണ്യവാനാണെന്നു സ്തുതിക്കപ്പെടുന്നതു കേൾക്കുമ്പോൾ "അശാനിഗ്രഹമുണ്ടെങ്കിൽ പുണ്യവാനായിരിക്കും." എന്നുത്തരിച്ചിരുന്നു. ഈ സുകൃതാനുഷ്ഠാനം മൂലമായിട്ടാണു ഇദ്ദേഹവും ഇത്ര മഹാ പുണ്യവാനായിത്തീർന്നത്. ഇതിനാൽ, ആത്മത്തിന്നടുത്തതൊ ശരീരത്തിന്നടുത്തതൊ ആയ ഏതെങ്കിലും അശാനിഗ്രഹം ചെയ്യാത്ത ദിവസം പുണ്യവാനു മഹാ വ്യസനകരമായ ഒന്നായിരുന്നു.

ഒരിക്കൽ ഒരു ബാലസന്യാസി ഒരു പുണ്യവാനായ വയോവൃദ്ധനോട് പുണ്യപൂർണ്ണതയ്ക്കായി ശ്രമിക്കുന്നു. ഇത്രവളരെ ആളുകൾ ഉണ്ടായിരുന്നിട്ടും സാക്ഷാൽ അത്ര പ്രാപിക്കുന്ന ആളുകൾ ഇത്ര ചുരുക്കം മാത്രം ആയിരിക്കുന്നതെന്താണെന്നു ചോദിച്ചതിനു "പുണ്യപൂർണ്ണത പ്രാപിക്കണമെങ്കിൽ സ്വേച്ഛകളുടേയും ആശാപാശങ്ങളുടേയും നേക്കുള്ള പക്ഷമശേഷം നിഗ്രഹിക്കണം; അഥവാ പരിത്യജിക്കണം. അപ്രകാരം ചെയ്യുന്നവർ നന്നാ ചുരുക്കമാണ്." എന്നു മറുപടി പറഞ്ഞു.

? ഉമ്മാ . 2

VII. പാപികളുടെ സങ്കേതമെ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.!!

ഫ്രഞ്ചുൻ—ൽ പ്രൻസിൽ ഡിജൺ എന്ന നഗരത്തിലെ രോഗശാലയിൽ ഏഴുപതു വയസ്സു പ്രായമുള്ള ഒരു കർഷകൻ അസന്നമരണനായി കിടന്നിരുന്നു. കുമ്പസാരം കഴിക്കണമെന്നു അവനോടു എത്രതന്നെ ഉപദേശിച്ചിട്ടും അതിന്റെ പേരുക്കുടെയും അവനു കേൾക്കുവാഹിയായിരുന്നു. അവന്റെ ശുശ്രൂഷയ്ക്കു നിന്നിരുന്ന ഏറാവും ദയയുള്ള ഒരു ഉപചിയുടെ കന്യാസ്ത്രീ, അവന്റെ മൂർഖതയെപ്പറ്റി അത്യന്തം വ്യസനിക്കയും തന്റെ സർവ്വശ്രമവും നിഷ്ഫലമാണെന്നുകണ്ടു ഒടുവിൽ ഒരു പുണ്യസൂത്രം ഉപയോഗിക്കയുംചെയ്തു. അമലോത്ഭവ മാതാവിന്റെ ഒരു ചെറിയ കാശുരൂപം എടുത്തു് ദിനക്കാരന്റെ തലയണയുടെ കീഴിൽ ഒളിച്ചുവച്ചു. നിഗ്രഹവശാൽ അവൻ അതുകണ്ടു അതിയായ കോപത്തോടെ എടുത്തു ദൂരെ എറിഞ്ഞുകളകയും ഭയങ്കരമായ ദുഷണംപറകയും ചെയ്തു. ഗബ്രിയേൽ എന്നു പേരായ ആ കന്യക ഏറാവും ദുഃഖിച്ചു നിരാശപൂണ്ടു വളരെ അശ്രുധാരകളോടുകൂടി ആ പാപിയുടെ അടുക്കൽ ചെന്നു് കാശുരൂപം സമീപെ എടുത്തുവച്ചുകൊണ്ടു് "ഞാൻ പോകയാണു"; എങ്കിലും ദൈവജനനി നിന്റെ അടുക്കൽ ഉണ്ടായിരിക്കും." എന്നു പറഞ്ഞുംവച്ചു മുറിയിൽനിന്നു പുറപ്പെട്ടു.

ഈ വാക്കുകൾ ഇടിമിന്നൽപോലെ ആ പാപിയുടെ ഉള്ളിൽ തട്ടുകയാൽ അവയെ അവൻ തന്നത്താൻ വീണ്ടും വീണ്ടും പറയുകയും, ഒടുവിൽ ഒരു ഗാഢനിദ്ര പ്രാപിക്കയുംചെയ്തു. കുറെ മണിക്കൂറുകളുടെ ശേഷം രോഗി ഉണർന്നു് പ്രസ്തുത കന്യാസ്ത്രീയെ

വിളിച്ചു, ഒരു പട്ടക്കാരനെ വരുത്തണമെന്നു അപേക്ഷിക്കയുണ്ടായി. അനന്തരം ഇതു പൊടുന്നനവെയുണ്ടായ മാറ്റത്തിന്റെ കാരണം ഇപ്രകാരം പ്രസ്താവിച്ചു. "ഭാഗ്യപ്പെട്ട ദൈവജനനി എനിക്കു ഉറക്കത്തിൽ പ്രത്യക്ഷമായി എന്റെ കട്ടിലിനു അരികെ നിന്നു കരഞ്ഞിരുന്നു. എന്തുകൊണ്ടാണു് കരയുന്നതെന്നു ചോദിച്ചതിൽ 'നിന്നെക്കുറിച്ചാണെന്നു' അവിടുന്നു വ്യസനത്തോടെ എന്നോടു പറഞ്ഞു. അപ്പോൾ ഞാനും കരയുകയും എന്റെ കണ്ണുകളിൽനിന്നു ധാരകൾ ഒഴുകുകയും ചെയ്തു. അതുകൊണ്ടു എന്റെ പ്രിയസഹോദരി, ഞാൻ മരിക്കുന്നതിനു മുമ്പു ഒരു നല്ല കുമ്പസാരം കഴിപ്പാനായി ഇനിക്കു ഒരു വൈദികനെ വരുത്തിത്തരണമേ" എന്നപേക്ഷിച്ചു.

ഇപ്രകാരം പാപനിമഗ്നനായ അവൻ പരമാർത്ഥവും ഹൃദയപൂർവ്വമായ മനസ്താപത്തോടെ നല്ല കുമ്പസാരം കഴിച്ചു അന്ത്യക്രിയാശകലങ്ങളൊക്കയും ഭക്തിപുരസ്സരം കൈക്കൊണ്ടു് സമാധാനത്തിൽ മരണം പ്രാപിച്ചു.

ഈ സംഭവം അമലോത്ഭവ മാതാവിന്റെ അത്ഭുതകാരുണ്യം വഴിയായിട്ടു നടന്നതാണെന്നു സകലരും വിശ്വസിച്ചുകൊണ്ടു ആ പരമരാജ്ഞിയെ സ്തുതിച്ചുകൊണ്ടാടുകയും ചെയ്തു.

൪൩൯ .2

VIII. തിരുസ്സഭാചരിത്രം.

(തുടർച്ച.)

തിരുക്കുരിശു കണ്ടെത്തൽ ക്രിസ്തു: ൩൨൬.

നിക്യാസുനഹദോസിന്റെ നിർണ്ണയങ്ങളെ സിൽവസ്റ്റോസ് മാർപ്പാപ്പാ കൈപ്പറ്റിയ ഉടനെതന്നെ ഇങ്ങലീയിലുള്ള മെത്രാന്മാരെ വിളിച്ചുകൂട്ടി ആ നിർണ്ണയങ്ങൾ തിരുസ്സഭ മുഴുവനിലും അനുചരിക്കപ്പെടുന്നതിനായി സ്വന്ത അധികാരത്താൽ ഉറപ്പിച്ചു. എന്തുകൊണ്ടെന്നാൽ സോക്രത്തോസ് എന്ന ചരിത്രകാരൻ പറയുംപോലെ ഏതൊരു നിർണ്ണയവും റോമാ മെത്രാനാൽ അംഗീകരിച്ചുറപ്പിക്കപ്പെടുന്നില്ലെങ്കിൽ അതിനു പൊതുവായ ഒരു കടമയും യാതൊരുത്തരുടെ മേലും ചുമത്തുവാൻ പാടില്ലാത്തതാകുന്നു. ഈ ശ്രേഷ്ഠാനുമതി ലഭിച്ചതോടുകൂടെ ഈ നിർണ്ണയങ്ങൾ ക്രിസ്തീയലോകം മുഴുവനിലും സംബഹുമാനം സ്വീകരിക്കപ്പെട്ടു. എന്നാൽ ഇവയോടു മറുതലിച്ചു നില്ക്കുന്നതിനു തുനിവുള്ളവരായി ചുരുക്കം ചിലർ ഉണ്ടായിരുന്നു. അവരിൽ പ്രധാനികളായ അരിയോസും നിക്കോമേദിയായിലെ മെത്രാനായ എവുസേബിയോസും, നിക്യായിലെ മെത്രാനായ തെയോജിനീസും തങ്ങളുടെ ധിക്കാരത്തിന്റെ ശിക്ഷയായി എമ്പ്രദോരിന്റെ ആജ്ഞാനുസരണം നാടുകടത്തപ്പെട്ടു.

ഇപ്രകാരം ഈ ദുഷ്ട പഠനത്തിന്റെ പ്രോത്സാഹകന്മാരെ തൽക്കാലത്തേക്കു മൌനാവലംബിതരാക്കിയതിന്റെശേഷം കോൺസ്റ്റന്തീനോസ് മഹാരാജാവു് സ്വമാതാവായ ഏലെന്നാരാജ്ഞിയോടുകൂടെ പലസ്തീനായിക്കു പുറപ്പെട്ടു. അപ്പോൾ എൺപതു വയസ്സ് പ്രായമുണ്ടായിരുന്ന ഈ വിശുദ്ധ രാജ്ഞിക്കു് ദൈവപുത്രൻ മനുഷ്യത്വത്തിൽ തന്റെ ദിവ്യകാലടികളാൽ ശുദ്ധമാക്കപ്പെട്ട സ്ഥലത്തെ സന്ദർശിക്കയും ലോകരക്ഷയെ പൂർത്തികരിച്ച തിരുക്കുരിശിനെ കണ്ടെത്തുകയും ചെയ്യണമെന്നുള്ളതു, തന്റെ ദീർഘമായ അഗ്രഹവിഷയമായിരുന്നു. ഈ മഹത്തായ ഉദ്യമം സഫലീകരിക്കുന്നതിനു ഒന്നാമതായി തിരുക്കല്ലറ എവിടെയെന്നു കണ്ടെത്തുവാനാവശ്യമായിരുന്നു. ഈ കു

ല്ലാ പരമ്പരയാ പറഞ്ഞുവന്നിരുന്നതു പോലെ അപ്പോൾ ഒരു ചെറിയ കൃത്രിമ മലയുടെ അന്തർഭാഗത്തിൽ മറഞ്ഞു കിടന്നിരുന്നു. അനെങ്ങിനെയെന്നാൽ തിരുസ്സഭയുടെ ആദ്യകാലങ്ങളിൽ ക്രസ്ത്യാനികൾ ഈ ശ്രുദ്ധസ്ഥലത്തു ഒരുമിച്ചുകൂടി പ്രാർത്ഥിച്ചു വരിക പതിവായിരുന്നു. ക്രസ്തമതദ്വേഷികളായ അവിടെയുള്ളയുദ്യോഗസ്ഥന്മാർക്ക് ഈപ്രവൃത്തി കോപഹേതുകമായിരുന്നതുകൊണ്ടു ഈ ക്രസ്തീയകൂട്ടത്തെപ്പറ്റിയും ഇതിൽനിന്നു തങ്ങളുടെ പൂർവ്വമതാചാരത്തിനുള്ള വായ്ക്കാമെന്നു അവർ സംശയിച്ചിരുന്ന നാശത്തെക്കുറിച്ചും രാഗദ്വേഷംമൂലം അഡ്രിയാൻ എമ്പ്രദോരിനെ അറിയിച്ചു. ഇപ്രകാരമുള്ള യാതൊരു സന്ദേഹത്തിനും ഇട ഉണ്ടാകാതിരിക്കുന്നതിനായി ഗാഗുൽത്താ മല മുഴുവനും മണ്ണിട്ടു മൂടുവാൻ ഉടൻതന്നെ അഡ്രിയാൻ ഉത്തരവു കൊടുത്തു. ഈ കല്പനയുടെ നിർവ്വഹണത്തിന്നായി വളരെ പ്പണവും അനേകായിരം ആളുകളുടെ അദ്ധ്വാനവും അവശ്യപ്പെട്ടുകയും ഈ മലയുടെ ഉച്ചിയിൽ വേനസ് ദേവിക്കായി ഒരമ്പലം പ്രതിഷ്ഠിക്കപ്പെട്ടുകയും ചെയ്തു. വിശുദ്ധ ഏലെന്നാ അഡ്രിയാൻ ഇരുനൂറു വർഷങ്ങൾക്കു മുമ്പു വളരെ പണം ചിലവുചെയ്തുണ്ടാക്കിച്ച ഈ ഗഭീരമഥ പ്രവൃത്തിയെ നിർമ്മൂലനം ചെയ്യുന്നതിനായി വളരെ ആളുകളെ ഏർപ്പെടുത്തി മലപോലെ കൂട്ടിയിരുന്ന മണ്ണെല്ലാം മാറ്റിച്ചതിന്റെ ശേഷം ഗാഗുൽത്താ മലയുടെ പഴയ ഉപരിഭാഗം കണ്ടു. പിന്നീടു തിരുക്കല്ലറയും അതിനടുക്കലായി തിരുക്കുരിശും മറ്റു കുരുക്കളും കാണപ്പെട്ടു. തിരുസ്സഭ ഈ തിരുക്കുരിശു കണ്ടെത്തിയ സ്മരണയെ ഇടവം മൂന്നാംതീയതി ഘോഷിക്കുന്നു. കൊൺസ്റ്റന്തീനോസ് മഹാരാജാവു ഒരു ദേവാലയം തിരുക്കല്ലറയുടെ ഉപരിഭാഗത്തായിട്ടും, മറ്റൊരു സൈത്തുമലയിൽ നാ. ക. ആരോഹണത്തിന്റെ സ്മരണയായിട്ടും, വേറൊന്നു ബെസ്ലഹേമിൽ തന്റെ പിറവിയുടെ സ്മരണയായിട്ടും ഇങ്ങനെ മൂന്നു ദേവാലയങ്ങളെ പണിയിച്ചു. അദ്ദ്യത്തെ ദേവാലയത്തിനു ചുറ്റുമായി ഒരു പട്ടണവും പഴയ പട്ടണത്തിന്നെ തുഭാഗത്തായി പണി കഴിപ്പിച്ചു. ഈ പട്ടണം ദിഷ്ടശ്രികൾ പ്രവചിച്ചിട്ടുള്ള പട്ടണമാകുന്നു എന്നു ചിലർ ഊഹിക്കുന്നു.

൫-൬-൭-൮ാണ്ടിനിടക്കു കൊൺസ്റ്റന്തീനോസ് കിഴക്കെരാജ്യത്തായിരിക്കയിൽ അലക്സാന്ത്രിയായിലെ മെത്രാനായ അലക്സാണ്ടർ മരണം പ്രാപിച്ചിട്ടു തന്നോടുകൂടെ നിക്യാസുനഹദോസിലേക്കു അനുഗമിച്ച അത്തനാസീസ് എന്നയാൾ തന്റെ പിൻഗാമിയായി തെരഞ്ഞെടുക്കപ്പെട്ടു. അത്തനാസീസ് എന്ന നാമംതന്നെ ആരിയൻ പാഷണ്ഡികൾക്കു ഭീതികരമായിരുന്നു. എന്തുകൊണ്ടെന്നാൽ ഇദ്ദേഹത്തിന്റെ ശാസ്ത്രനൈപുണ്യവും, ദൈവഭക്തിയും തങ്ങൾ പുലർത്തിക്കൊണ്ടു വരുവാൻ നിശ്ചയിച്ചിരുന്ന അബദ്ധപാനത്തെ നിരോധിക്കുന്നതിൽ പ്രദർശിപ്പിച്ച അനന്യസാധാരണസ്ഥിരതയും, ശ്രുശ്രൂഷാന്തിയും, മനോധൈര്യവും അവർ നല്ലപോലെ ഗ്രഹിച്ചിട്ടുണ്ടായിരുന്നു. മഹാരാജാവിനു നിക്യാസുനഹദോസിനോടുള്ള പ്രതിപത്തിയും ബഹുമാനവും കാരണം ഈ പാഷണ്ഡികൾ പരസ്യമായിയാതൊന്നും പ്രവൃത്തിച്ചിരുന്നില്ലെങ്കിലും രഹസ്യത്തിൽ തങ്ങളുടെ പരാജയം ഭവിച്ച വാദത്തെ പുനരുത്ഥാനപ്പെടുത്തുന്നതിനായി പ്രയത്നിച്ചുവന്നു. അരിയോസും തന്റെ പാർശ്വത്തിൽപെട്ട പ്രധാനികളും നാടുകടത്തപ്പെട്ടതുകൊണ്ടു അവർ ജനങ്ങളുടെ അപ്രീതിക്കു പാത്രീഭവിച്ചു. തങ്ങൾക്കു നഷ്ടപ്പെട്ട ജനപ്രീതിയെ വീണ്ടു സിദ്ധിച്ചിട്ടല്ലാതെ തങ്ങളുടെ ഉദ്ദേശ്യം സഫലീകരിക്കാൻ പാടില്ലെന്നു കണ്ടതിനാ

ൽ അതിന്നായി തങ്ങളുടെ സ്നേഹിത ന്മാരുടെ നാടുകടത്തലിൽനിന്നു വിമോചനപ്പെടുത്തുകയും എവുസ്താന്തിയോസിനും അപമാനം വരുത്തിവയ്ക്കയും വേണമെന്നു അവർ തീരുമാനിച്ചു. എന്നാൽ രാജസമ്മതം കൂടാതെ ഇവ ദുസ്സാദ്ധ്യമായിരുന്നതുകൊണ്ടു അതിന്നായി പ്രയത്നിച്ചിരിക്കയിൽ രാജാവിന്റെ സഹോദരിയും ലൂച്ചിയോസ് രാജാവിന്റെ മരണത്താൽ വൈധവ്യം പ്രാപിച്ചവളുമായ കൊൺസ്താൻസിയാ ദിനത്തിൽ അകപ്പെടുകയും ഈ അസാദ്ധ്യം അവൾക്കു ജയകരമായ ഒരു അവസരത്തെ നല്കുകയും ചെയ്തു.

കൊൺസ്താൻസിയായിക്കു നാടുകടത്തപ്പെട്ട നിക്കോമേദിയായിലെ മെത്രാനായ എവുസേബിയോസിന്റെ മേൽ വലിയ മതിപ്പുണ്ടായിരുന്നു. ഇവളുടെ ദീനക്കിടക്കയിൽ ആത്മശുശ്രൂഷാർത്ഥം ഇവളെ സന്ദർശിച്ചിരുന്ന ഒരു പാഷണ്ഡയൈദികൻ ഇതറിഞ്ഞു തന്റെയും, സ്വസ്നേഹിതരുടേയും ശിക്ഷയെ അനുഭവപ്പെടുത്തുന്നതു ഗണ്യമായ ഒരു പുണ്യമായിരിക്കുമെന്നു അവളെ ധരിപ്പിച്ചു. അതിനാൽ അവൾ ഹൃദയംഗമായ വിധത്തിൽ അവരെ ആദരിച്ചുകൊണ്ടു അവർ നിർദ്ദോഷികളാണെന്നും നിർദ്ദോഷികളെ ശിക്ഷിക്കുന്നതു രാജ്യത്തിനും സൃഷ്ടവേദത്തിനും ഒരുപോലെ നാശകരമാണെന്നും രാജാവിനെ ധരിപ്പിച്ചു. കൊൺസ്താന്തീനോസ് സ്വസഹോദരിയുടെ ഇടവിടാതെയുള്ളതും ദീനാവസ്ഥയിലുള്ളതുമായ അപേക്ഷയാലും തനിക്കു അവളോടുള്ള അത്യധികമായ വാത്സല്യംമൂലവും മനസ്സിളകി കുറക്കാർ തങ്ങളുടെ തെറ്റിനെ ഏറ്റുപറയുന്ന പക്ഷം അവരെ തിരികെ വിളിക്കുവാൻ ആജ്ഞാപിച്ചു. അവർ ദയാർത്ഥമുള്ളതും ചതിവിനടുത്തതുമായ വിധത്തിൽ തങ്ങളുടെ തെറ്റിനെ സമ്മതിച്ചു. അവരുടെ വരവു രാജ്യത്തിലും തിരുസ്സഭയിലും പരിതാപകരമായ കാഴ്ചകൾക്കു പ്രാരംഭമായിരുന്നു.

൧൯൩൨ .2



തിരുഹൃദയഭക്തമാർ

ഫൻഹവ മീനമാസത്തിൽ ചെയ്യേണ്ട പൊതുക്കുറവൽ.

"കത്തോലിക്കരുടെ സാമൂഹ്യപ്രവൃത്തി"

കത്തോലിക്കരുടെ സാമൂഹ്യപ്രവൃത്തി, സൂക്ഷ്മാർത്ഥത്തിൽ പറയുന്നതായാൽ, ഓരോരുത്തൻതന്നിത്തന്നിയെ ചെയ്യേണ്ടിയ ഒരു പ്രവൃത്തിതന്നെ ആകുന്നു. കത്തോലിക്കരെല്ലാവരും അവരവരുടെ ആത്മാവുകളെ രക്ഷിക്കേണ്ടിയിരിക്കുന്നു. ഇതത്രെ ഏകമായതും അത്യാവശ്യപ്പെട്ടതും ആയകാര്യം. ഇതു ഓരോരുത്തൻ തന്നെ ചെയ്യേണ്ടതാണു്. മറ്റൊരുത്തനെക്കൊണ്ടു ചെയ്യിക്കുവാൻ പാടില്ല. മനുഷ്യൻ നശിച്ചാലും രക്ഷപെട്ടാലും ദൈവത്തിനു സ്തുതി ഉണ്ടാകാതിരിക്കയില്ല. മനുഷ്യൻ നശിച്ചുപോകുന്നതായാൽ, നിഷ്ഫലപ്പെട്ടെങ്കിലും ദൈവനീതികൾ എന്നേക്കും അനുസരിച്ചേമതിയാവൂ. പ്രത്യുത, മനുഷ്യൻ രക്ഷപെടുന്നതായാൽ ആയാൾ നിത്യകാലത്തോളം ദൈവാനുഗ്രഹത്തെ സ്തുതിച്ചാരാധിക്കും.

ആകയാൽ മനുഷ്യൻ തന്റെ കടമകളെ നിറവേറ്റി ഒടുക്കത്തെ അന്ത്യമായിരിക്കുന്ന ദൈവത്തോട് ചേർന്ന് തന്നെ സ്തുതിച്ചു ആനന്ദിക്കുന്നതിൽ മനുഷ്യന്റെ പ്രവൃത്തി മുഴുവനും അടങ്ങിയിരിക്കുന്നു. അന്ത്യത്തെ സാധിക്കുന്നതിനുവേണ്ടിയത്രെ ദൈവപുത്രൻ മനുഷ്യാവതാരംചെയ്തു പാടുപെട്ടു മരിച്ചതും ശ്ലീഹന്മാരും അവരെ അനുകരിച്ച ശുദ്ധമാക്കപ്പെട്ടവരും അനേക പാടുപീഡകൾ അനുഭവിക്കയും അനേകംപേരുടെ രക്തങ്ങളുടെ ചോരചിന്തി ആഗ്ലസ്സിനെ നല്ലമനസ്സോടെ പൂജിക്കയും ചെയ്തതും; ഇതിനുംപുറമെ കത്തോലിക്കർ ഏവരും ഒന്നിച്ചുചേർന്ന് സാധിക്കേണ്ട ദൈവസൂരിക്കും സാമൂഹ്യനന്മയ്ക്കുമുള്ള ചില പ്രവൃത്തികളുണ്ട്. ഒന്നിച്ചു കത്തോലിക്കർ യോജിക്കേണ്ടതാണെന്നു ഏവരും സമ്മതിക്കും. എന്നാൽ പ്രവൃത്തിയിൽ വരുമ്പോളാണ് പലരും വിട്ടുമാറുന്നത്. ഈ യോജിപ്പു സാധിക്കുന്നതിനു ചില സംഗതികൾ സൂക്ഷിക്കേണ്ടിയിരിക്കുന്നു. ഒരു സൈന്യത്തിൽ എല്ലാവരും സൈന്യാധിപന്മാരാകുവാൻ പാടില്ലാത്തതുപോലെ ഏതൊരു സമുദായത്തിലും എല്ലാവരും അധികാരികളാകുന്നതിനു പാടില്ല. ഇതിനാൽ കത്തോലിക്കരുടെ ഇടയിൽ യോജിപ്പുണ്ടാകുന്നതിനു സ്ഥാനവ്യത്യാസം ഗണ്യമാക്കാതെ ദൈവവിചാരണയാൽ ഓരോരുത്തക്കു ഏൽപ്പിക്കപ്പെട്ടിരിക്കുന്ന കടമകളെ ശരിയായി നിറവേറ്റേണ്ടിയിരിക്കുന്നു. വിശിഷ്യാ സ്വാർത്ഥതല്പരന്മാകാതെ ദൈവസ്തുതിയേയും പൊതുഹിതത്തേയും പ്രധാനമായി കരുതിക്കൊണ്ട പ്രവൃത്തിക്കണം. ഇതിനു അസാമാന്യ ദൈവവരപ്രസാദവും മാഹാത്മ്യവും ധൈര്യവും വേണ്ടിയിരിക്കുന്നു.

ഈ വരപ്രസാദങ്ങൾ സകല കത്തോലിക്കരും പ്രാപിച്ചു സാമുദായിക പ്രവൃത്തികളിൽ നല്ല യോജിപ്പുണ്ടാകുന്നതിനു കൃപ നിറഞ്ഞ ന. കാ. തിരുഹൃദയത്തോട് കന്യാസ്ത്രീമറിയത്തിന്റെ അമലോത്ഭവ തിരുഹൃദയം വഴിയായി തിരുഹൃദയഭക്തർ ഈ മാസത്തിൽ പ്രത്യേകം അപേക്ഷിക്കേണ്ടിയിരിക്കുന്നു.

Y.M.D. .2

ലോകവർത്തമാനപുസ്തകം

ചക്രവർത്തി തിരുമനസ്സിലെ ജന്മനക്ഷത്രം ജൂൺ ൨൩-൦നു- ആഘോഷിക്കുന്നതാണ്.

ഫിലാഡെൽഫ്യാ അതിരൂപതയുടെ മെത്രാപ്പോലീത്താ അവർകൾക്കു പാല്യം എന്ന തിരുവസ്ത്രം കഴിഞ്ഞമാസത്തിൽ ആഘോഷമായി കൊടുക്കപ്പെട്ട ശുഭാവസരത്തിൽ അമ്മേരിക്കയിലെ രണ്ടു കർദ്ദിനാളന്മാരും, ൨൫ മെത്രാന്മാരും, ൨൦-ൽപരം മൊൻസിഞ്ഞോറന്മാരും, ൪൦൦-ൽ അധികം പട്ടക്കാരും സന്നിഹിതരായിരുന്നു.

വലിയ കുസ്താന്തിനോസു ചക്രവർത്തിക്കു ആകാശത്തിൽ ക്രീവാ കാണപ്പെടുകയും "In hoc signo Vinces" ഈ അടയാളത്താലെ നീ ജയിക്കും. എന്നു അതിൽ എഴുതപ്പെട്ടിരിക്കയും ചെയ്തപ്രകാരം അയാൾ മക്സെൻസിയൂസ് എന്ന എതിരാളിയെ ജയിച്ചു റോമാകരസ്തമാക്കി, ചക്രവർത്തി കുസ്താന്തിനോപ്പിൾ അനുസരിക്കയും ക്രിസ്തീയ സഭ ഒട്ടുക്കു പൂർണ്ണസ്വാതന്ത്ര്യം നൽകുന്ന രാജവിളംബരം മിലാൻ പട്ടണത്തിൽ നിന്നു പ്രസിദ്ധീകരിക്കയുംചെയ്തു. ഈ സംഭവത്തിന്റെ ൧൬-ാം ശതവർഷം ഈ വത്സരത്തിൽ ആഘോഷിക്കുന്നതാണ്.

മാസ്സ്ഗവർണരായി നിയമിക്കപ്പെട്ടിരിക്കുന്ന പെൻറൽഡ്യൂട്ട അവർകൾ, അടുത്ത ഒക്ടോബർവരെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതല്ലെന്നും അതുവരെ ബഹുമാനപ്പെട്ട സർമുറെഹാമിക്കു പകരം ജോലി നോക്കുന്നതുമാണ്.

തിരുവിതാംകൂറിൽചേർന്ന തക്കല എന്നസ്ഥലത്തു കത്തോലിക്കരുടെവക ഒരു കോളേജ് സ്ഥാപിക്കുവാനിടയുള്ളതായി ചില പങ്ങളിൽ കാണുന്നു.

പത്താംപീയൂസ് മാപ്പാപ്പാതിരു മനസ്സിലെ കല്പനപ്രകാരം ലത്തീൻ ബ്രവിയാരി (കാനോനാ നമസ്കാരം) പരിഷ്കരിക്കപ്പെട്ടു. ഇപ്പോൾ മസ്സമ്മോറാകൾ അഥവാ ദാവീദിന്റെ സംഗീതങ്ങൾ പുതിയ രീതിയിൽ അച്ചടിച്ചു തീർന്നിരിക്കുന്നു. ഫൻഫാമകർ മുതൽ ഇതു എത്തിപ്പാൻ കടമുണ്ടാകും. എന്നാൽ റോമിൽ ലത്തരാൻ പള്ളിയിൽ ഒരാഴ്ചമുതൽ തന്നെ ഇതു എത്തിപ്പാൻ തുടങ്ങിയിരിക്കുന്നു.

റോമാപുരിയിലുള്ള 30 ഇടവക പള്ളികളിലും എല്ലാ ഞായറാഴ്ചയും മുടങ്ങാതെ പ്രസംഗം പറയപ്പെടുന്നുണ്ടെങ്കിലും, അമ്പതു നോമ്പിന്റെ കാലത്തിൽ 40 വലിയ പള്ളികളിൽ എല്ലാ ദിവസവും പ്രസംഗമുണ്ടു. ഒരു പ്രസംഗം കേൾക്കുന്നതിനു പള്ളികൾ നിറയെ ആൾക്കൂട്ടമുണ്ടു.

(Little sisters of the poor.)

"പാവപ്പെട്ടവരുടെ എളിയ സഹോദരികൾ" എന്ന പേരായി കന്യാസ്ത്രീകളുടെ ഒരു സഭയുണ്ടു. ക്രിസ്ത്യാനിക്കുട്ടത്ത ഉപവിയുടെ ഉത്തമ ദൃഷ്ടാന്തങ്ങളായിരിക്കുന്ന ഒരു കന്യകകൾ വയസ്സുചെന്ന പാവപ്പെട്ട കിഴവന്മാരെയും, കിഴവികളേയും ക്രൂട്ടി രക്ഷിച്ചു നല്ല മരണത്തിനു സഹായിക്കുന്നു. ഒരു സഭക്കാക്ക ലോകമൊട്ടുക്ക ഫൻ പ്രോവിൻസ്കളും അതെ നൂറെ മഠങ്ങളുമുണ്ടു. ഇവരുടെ ഒരു മഠം കൊളമ്പിലുണ്ടു. ഹിന്തുക്കൾ, ബുദ്ധമതക്കാർ അടിയായ ആളുകളെ ചേർത്തു മാമ്മോദീസാ മുക്കി, നൽ മരണത്തിനു സഹായിക്കുന്നു. ഇവരുടെ മഠങ്ങളിൽ ഒരു പ്രാവശ്യം ഒരുലക്ഷത്തിൽ (൧൦൦,൦൦൦) മൂന്നുലക്ഷം വൃദ്ധന്മാരും വൃദ്ധകളും ശോഭയുള്ള മരണം പ്രാപിച്ചിരിക്കുന്നു.

തിരുവിതാംകൂർ വിദ്യാഭ്യാസഡയറക്ടരായിരുന്ന ഡാക്ടർ ഏ. സി. മിച്ചൽ കഴിഞ്ഞ മാസം ൨൪-൦൩- ജോലിയിൽനിന്നും പിരിഞ്ഞിരിക്കുന്നു. പകരം നിയമിക്കപ്പെട്ട ഡാക്ടർ ബിഷപ്പ് ജോലി കയ്യേറ്റിരിക്കുന്നു.

ശ്രീമൂലംപ്രജാസഭ കഴിഞ്ഞമാസം ൧൩-൦൩- തുടങ്ങി ഒരുമാസം ൫-൦൩- അവസാനിച്ചിരിക്കുന്നു. പല നല്ലകാര്യങ്ങളേക്കുറിച്ചും സാമാജികന്മാർ പ്രസംഗിക്കയും ദിവാൻ നോട്ടചെയ്കയും ചെയ്തിട്ടുണ്ടു. വിദ്യാഭ്യാസവകുപ്പിലെ ക്രമക്കേടുകളെ പല സാമാജികന്മാരും ചൂണ്ടിക്കാണിച്ചു വല്ലതും ഭേദഗതി വരുത്തുമെന്നു ആശംസിക്കുന്നു.

മതസംബന്ധമായും സന്മാർഗ്ഗസംബന്ധമായുമുള്ള പാഠങ്ങൾ വിദ്യാലയങ്ങളിൽ പഠിപ്പിക്കേണ്ട കാര്യാലോചനക്കു മഹാസ് ഗവർമ്മേണ്ടു ഒരു കമ്മീഷൻ ഏർപ്പെടുത്തിയിരിക്കുന്നു.

ചീനത്തെ ചക്രവർത്തി തന്റെ രാജാധികാരം ഒഴിയുകയാൽ ജനാധിപത്യം അവിടെ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അമേരിക്കയിലെ തരത്തിലുള്ള ജനാധിപത്യമാണ് അവിടെ സ്ഥാപിക്കുവാൻ കരുതുന്നതു'. ഇതു വേഗത്തിൽ ഇപ്രകാരമൊരു മാറ്റം അവിടെ സംഭവിക്കുമെന്നു ആരും വിചാരിച്ചിരുന്നില്ല.

ഗ്രേറ്റ് ബ്രിട്ടനിലെ വിശ്വാസപ്രചാരം. - പോയകൊല്ലം ൨൯൦൨ ദൂരുക്കളും ൨൨൯൨ പള്ളികളും കപ്പേളകളും ഉണ്ടായിരുന്നു. ഇക്കൊല്ലം ഒമ്പതു ദൂരുക്കളും ൨൨൮൨ പള്ളികളും കപ്പേളകളും ഉണ്ടായിരിക്കുന്നു.

മഹാരാജശ്രീ ചിറമേൽ അന്തോനിത്തരകൻ കെ. ജി. സി. ഏസ്. ഏസ്. അവർകളുടെ പ്രിയമാതാവു കഴിഞ്ഞ മാസം ൨൦-൦൩- ഉച്ചതിരിഞ്ഞു നാലര മണിക്കു അന്ത്യക്രിയാശകൽകൈക്കൊണ്ടു പരമഗതിയെപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം വളരെ ആഘോഷപൂർവ്വം നടത്തപ്പെട്ടു. ഇതിലേക്കു ഒട്ടുവളരെ പട്ടക്കാരും വിശേഷാൽ നി. വ. ദി. ശ്രീ. തൃശൂർ വികാരി അപ്പസ്തോലിക്ക ഡാക്ടർ ജോൺ മേനാച്ചേരി അവർകളും സംബന്ധിച്ചിരുന്നു. R. I. P.

കൊന്തസഭയിൽ ക്രൂടിമരിച്ചവർ.

പുളിങ്കുന്നു പള്ളിഇടവക മുണ്ടുചിറയിൽ തൊമ്മൻ കഴിഞ്ഞ മാസം ൨൪-൦൩- യും, അതിരമ്പുഴപള്ളി ഇടവക ചക്കാലക്കൽ മത്തായി മറിയം ഈ മാസം ൨-൦൩- യും മരിച്ചുപോയിരിക്കുന്നു.

ഇവരുടെ ആത്മാക്കൾക്കുലാത്തം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.